**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽ നിന്നും മാറ്റുന്ന വിധത്തിൽ ഏതെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽ നിന്നും മാറ്റുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ റിസർവ് ബാങ്കിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ലഭിച്ചിട്ടില്ല. |
| (ബി) | ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ ഭേദഗതി മൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ(ഭേദഗതി) നിയമത്തിന്റെ section-3 ൽ വരുത്തിയ നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. ആയതിൽ പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പേരുകൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയത്. ഭേദഗതി മൂലം ഇപ്പോൾ ബാങ്ക് നടത്തി വരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ നിയമമാകുന്നതിന് മുമ്പ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ എെക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ചുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ബാങ്കുകളെ ലയിപ്പിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്ന് നിർദേശം ലഭിച്ചിട്ടുണ്ടോ? | (സി) | സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. പ്രസ്തുത ബാങ്കുകളെ ലയിപ്പിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ